കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഉറവൂർ ഗ്രാമപഞ്ചായത്ത് - 2016-17-ലെ "പഴമ്പള്ളിക്കാവ് SNDP റോഡ് മെറ്റലിംഗ് & ടാറിംഗ്" എന്ന പ്രോജക്ടിന്റെ (പ്രോ.നം. 37/18 ) തെറ്റായ മേഖലാ കോഡ് തിരുത്താൻ അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.4007/2017/തസ്വഭവ തിരുവനന്തപുരം, തീയതി,12.12.2017

വായന :- 1) ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.10.2017-ലെ C2-525/17-ാം നമ്പർ കത്ത്

2) 15.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പ്രത്യേക വിഷയ തീരുമാനം നമ്പർ 4.3

ഉത്തരവ്

2016-17-ലെ "പഴമ്പള്ളിക്കാവ് SNDP റോഡ് മെറ്റലിംഗ് & ടാറിംഗ്" എന്ന പ്രോജക്ട് (പ്രോ.നം. 37/18 – അടങ്കൽ 23,9004/- ലോക ബാങ്ക് വിഹിതം) 2017-18-ൽ മാറ്റമില്ലാത്ത സ്പിൽഓവറായി തുടരുന്നുണ്ടെന്നും ഇതിന്റെ മേഖലാ കോഡ് 844 (റോഡ് ടാറിംഗ്) ആണെന്നും പിശകമൂലം 875 (കെട്ടിടങ്ങൾക്ക് അധിക സൗകര്യം) എന്നാണ് ചേർത്തിരിക്കുന്നതെന്നും പണി പൂർത്തിയായിട്ടും കോഡ് തെറ്റായതിനാൽ ബിൽ തുക നൽകാൻ കഴിയുന്നില്ലെന്നും ആയതിനാൽ തെറ്റായ കോഡ് തിരുത്താൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.3 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തെറ്റായ കോഡ് തിരുത്താൻ അനുമതി നൽകി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഉറവൂർ ഗ്രമപഞ്ചായത്ത്, ആലപ്പുഴ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ